നമ്പർ ഇഇ(2)3043/2012.

# കേരള സർക്കാർ
## കൃഷി വകുപ്പ്
## ലഘു ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി കോഴിക്കോട് ഉത്തര മേഖല കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ, താഴെ പറയുന്ന പ്രവർത്തികൾക്ക് പരിചയ സമ്പന്നരായ പോളിഹൗസ് നിർമ്മാതാക്കൾ/ അംഗീകൃത വിതരണക്കാർ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ്സുകൾ **3/01/2013** ന് പകൽ **3** മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം **3.30** മണിയ്ക്ക് എക്സിക്യൂട്ടിവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയൊ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതുഒഴിവ് പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരത ദ്രവ്യം രൂ. | ദർഘാസ് പ്രമാണ ത്തിൻെറ വില രൂപ. | പ്രവർത്തി ചെയ്തു തീർക്കേ കാലാവധി. |
|---|---|---|---|---|---|
| 1. | ഇഇ(2) 3043/12. | പാലക്കാട് ജില്ലയിലെ ഓറഞ്ച് & വെജിറ്റബിൾ ഫാമിലേക്ക് മൈക്രോ ഇറിഗേഷൻ, ഫേർട്ടിഗേഷൻ സംവിധാനത്തോടുകൂടിയ പോളി ഹൗസ് നിർമ്മാണം. തുക 7,40,000/-രൂപ | 18,500/- രൂപ. | 1500 + വി. നികുതി | 3 മാസം |
| 2. | ഇഇ(2) 3092/12. | പാലക്കാട് ജില്ലയിൽ പട്ടാമ്പിയിലെ സെൻട്രർ ഓർച്ചാഡിൽ മൈക്രോ ഇറിഗേഷൻ, ഫേർട്ടിഗേഷൻ സംവിധാനത്തോടുകൂടിയ പോളി ഹൗസ് നിർമ്മാണം. തുക 7,20,000/-രൂപ | 18,000/- രൂപ. | 1400 + വി. നികുതി | 3 മാസം |
| 3. | ഇഇ(2) 3093/12. | പാലക്കാട് ജില്ലയിൽ എരുത്തേമ്പതിയിലെ ഐ.എസ്.ഡി. ഫാമിൽ മൈക്രോ ഇറിഗേഷൻ, ഫേർട്ടിഗേഷൻ സംവിധാനത്തോടുകൂടിയ പോളി ഹൗസ് നിർമ്മാണം. തുക 7,20,000/-രൂപ | 18,000/- രൂപ. | 1400 + വി. നികുതി | 3 മാസം |
| 4. | ഇഇ(2) 3094/12. | പാലക്കാട് ജില്ലയിൽ മലമ്പുഴയിലെ എച്ച്.ഡി.ഫാമിൽ മൈക്രോ ഇറിഗേഷൻ, ഫേർട്ടിഗേഷൻ സംവിധാനത്തോടുകൂടിയ പോളി ഹൗസ് നിർമ്മാണം. തുക 7,20,000/-രൂപ | 18,000/- രൂപ. | 1400 + വി. നികുതി | 3 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വെച്ച ഉദ്യോഗസ്ഥൻെറ കാര്യാലയത്തിൽ നിന്നും **3/01/2013** ഉച്ചയ്ക്ക് **1** മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ വില പണമായി അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞ അംഗീകൃത സ്ഥാപനങ്ങൾക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറുവാൻ പാടില്ലാത്തതുമാകുന്നു. ദർഘാസ് പ്രമാണത്തിൻെറ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും എക്സിക്യൂട്ടിവ് എഞ്ചിനീയർ(കൃഷി) കോഴിക്കോടിൻെറ പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് ഏണസ്റ്റ് മണി ഡെപ്പോസിറ്റായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ട താണ്. പോളിഹൗസ് നിർമ്മാതാക്കൾ/ അംഗീകൃത വിതരണക്കാർ എന്നത് തെളിയിക്കുന്ന രേഖക ളുടെ പകർപ്പും, ഈ മേഖലയിലെ പ്രവൃത്തി പരിചയം തെളിയിക്കുന്ന രേഖകളുടെ പകർപ്പും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. . ദർഘാസ് സമർപ്പിക്കുമ്പോൾ **100** രൂപ മുദ്രപ ത്രത്തിൽ ഒരു പ്രിലിമിനറി എഗ്രിമെൻറ് കൂടി വെക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഇതിനും ബാധകമാണ്.

**എക്സിക്യൂട്ടിവ് എഞ്ചിനീയർ**
**(കൃഷി)കേരളാഗവർണ്ണർക്കുവേണ്ടി**

**കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ,**
**റീജിനൽ ഓഫിസ്, പുതിയറ. പി.ഒ.,**
**കോഴിക്കോട്-4. തീയതി: 1/12/2012**